

THURSDAY വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-13/10/2023.

1. വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 2020 ഓഗസ്റ്റ് 31 വരെയും മറ്റു 12 ജില്ലകളിലെ കർഷകർ 2016 മാർച്ച് 31 വരെയും എടുത്ത കാർഷിക വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുന്നതിന് സർക്കാർ ഉത്തരവായി. വ്യക്തിഗത അപേക്ഷകൾ സം സ്ഥാന കർഷക കടാശ്വാസ കമ്മിഷനിൽ ഡിസംബർ 31 വരെ സ്വീകരിക്കും. നേരിട്ടോ തപാൽ മുഖേനയോ അപേക്ഷിക്കാം. കമ്മീഷനിലൂടെ കാർഷിക കടാശ്വാസം മുൻപു ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ പാടില്ല. നിലവിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മാത്രമാണ് സർക്കാരിന്റെ കടാശ്വാസ പദ്ധതിയുമായി സഹകരിക്കുന്നത്. അതിനാൽ മറ്റു ബാങ്കുകളിലെ വായ്പാ കുടിശികയിൽ അപേക്ഷ സ്വീകരിക്കില്ല. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ **0471 2743782, 2743783.** റേഷൻ കാർഡിന്റെ പകർപ്പ്, വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫിസറുടെ സാക്ഷ്യ പത്രത്തിന്റെ അസ്സൽ, കർഷകനാണെന്ന് തെളിയിക്കുന്നതിന് കൃഷി ഓഫീസറുടെ സാക്ഷ്യപത്രം (അസ്സൽ) വായ്പ നിലനിർത്തുന്ന പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ അപേക്ഷക്കൊപ്പം നൽകേണ്ടതാണ്.

2. കാർഷിക ഉത്പന്നങ്ങളുടെ മൂല്യ വർദ്ധനവും വിപണനവും അടിസ്ഥാനമാക്കി സംസ്ഥാന സർക്കാർ കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന വൈഗ അന്താരാഷ്ട്ര ശില്പശാലയുടെയും കാർഷിക പ്രദർശനങ്ങളുടെയും പ്രചരണാർത്ഥം ഒരു ലോഗോ തയ്യാറാക്കുന്നതിനായി മത്സരാടിസ്ഥാനത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ വ്യക്തികളിൽ നിന്നും എൻട്രികൾ ക്ഷണിക്കുന്നു. തയ്യാറാക്കിയ ലോഗോ പി. എൻ. ജി. ഫോർമാറ്റിൽ 18/10/2023ന് 3 മണിക്ക് മുൻപായി ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ piofibtvm@gmail.com എന്ന ഈ-മെയിൽ വിലാസത്തിൽ അയച്ചുതരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 -2318186 എന്ന നമ്പറിൽ ബന്ധപ്പെടുക. മികച്ച ലോഗോയുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച അന്തിമ തീരുമാനം ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ സ്വീകരിക്കുന്നതാണ്. തെരഞ്ഞെടുക്കുന്ന മികച്ച ലോഗോയ്ക്ക് ആകർഷകമായ ക്യാഷ് പ്രൈസ് നൽകുന്നതാണ്.

3. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലിവളർത്തൽ കേന്ദ്രത്തിലെ ഫലവൃക്ഷങ്ങളായ തെങ്ങ്, മാവ്, പ്ലാവ്, കശുമാവ്, പുളി എന്നിവയിൽ നിന്നും 01.11.2023 മുതൽ 31.10.2024 വരെയുള്ള ഒരു വർഷക്കാലയളവിൽ ആദായം എടുക്കുവാനുള്ള അവകാശം 18.10.2023ന് പകൽ 12 മണിക്ക് ഓഫീസിൽ വച്ച് പരസ്യമായി ലേലം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്തു വിൽക്കുന്നു. ആയിരം രൂപ നിരതദ്രവ്യമടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേല ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാവുകയാണെങ്കിൽ അടുത്ത പ്രവർത്തി ദിവസം ഇതേസമയം ലേലം നടത്തുന്നതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി നേരിട്ടോ, 0471 2732962 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

4. ഫിഷറീസ് വകുപ്പിലൂടെ തൃശൂർ ജില്ലയിൽ നടപ്പിലാക്കുന്ന പ്രധാൻ മന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതി പ്രകാരം വിവിധ മത്സ്യകൃഷി പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു. മത്സ്യ ഭവനുകളിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി ഒക്ടോബർ 16. വിശദവിവരങ്ങൾക്ക് 0487 2421090, 9746595719 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

5. തെങ്ങ് കയറ്റം, തെങ്ങ് സംരക്ഷണം, വിളവെടുപ്പ് ഉൾപ്പടെ തെങ്ങു കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനായി നാളികേര വികസന ബോർഡ്, തെങ്ങിൻറെ ചങ്ങാതിമാർക്കായി കോൾ സെൻറർ ഉടൻ ആരംഭിക്കും. കേരളത്തിലെവിടെയുമുള്ള കേര കർഷകർക്ക് വിളിപ്പുറത്ത് തെങ്ങിൻറെ ചങ്ങാതിമാരെ ലഭ്യമാക്കുകയെന്നതാണ് കോൾ സെൻറർ സ്ഥാപിക്കുന്നതിലൂടെ ബോർഡ് ലക്ഷ്യമാക്കുന്നത്. ബോർഡിന്റെ ആസ്ഥാനമായ കൊച്ചിയിലാണ് കോൾ സെൻററിൻറെ പ്രവർത്തനം. വിളവെടുപ്പ്, തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, മരുന്നു തളിയ്ക്കൽ, രോഗകീട നിയന്ത്രണം, നഴ്സറി പരിപാലനം, കൃത്രിമ പരാഗണം, വിത്തുതേങ്ങ സംഭരണം തുടങ്ങിയ സേവനങ്ങൾ ഈ പദ്ധതിയിലൂടെ കേര കർഷകർക്ക് പ്രയോജനപ്പെടുത്താം. കൂടുതൽ വിവരങ്ങൾക്ക് 0484 2377266 (Extn: 137) എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. ഇതിനുപുറമെ കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള മറ്റു ചങ്ങാതിമാർക്കും കോൾ സെൻററിൽ രജിസ്റ്റർ ചെയ്യാം. ഇതിനായി 8848061240 എന്ന നമ്പറിൽ ബന്ധപ്പെടുകയോ, പേര്, മേൽവിലാസം, ബ്ലോക്ക്/പഞ്ചായത്ത്, ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ വാട്ട്സ് ആപ്പ് സന്ദേശമായി ഈ നമ്പരിൽ അയക്കേണ്ടതാണ്.

### പരിശീലന പരിപാടി

6. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽപ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ പ്രായോഗിക പരിശീലന പരിപാടികൾ 2023 ഒക്ടോബർ മാസത്തിൽ സംഘടിപ്പിക്കുന്നു. ഈ മാസം 27 ന് (27.10.2023) പഴം, പച്ചക്കറി സംസ്കരണം (ജാം, സ്ക്വാഷ്, അച്ചാർ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നിർമാണം) 31 ന് (31.10.2023) വീടുവളപ്പിലെ പച്ചക്കറി കൃഷി എന്നിവയിലാണ് പരിശീലനം. നിശ്ചിത ഫീസ് ഈടാക്കികൊണ്ട് നടത്തപ്പെടുന്ന പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഓഫിസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 5 വരെ 0487-2370773 എന്ന നമ്പരിൽ ബന്ധപെടുക.

7. കുമരകം കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ''കൂൺ കൃഷി'' എന്ന വിഷയത്തിൽ ഏകദിന പരിശീലനം ഈ മാസം 20ന് (20.10.2023) രാവിലെ 10 മണിയ്ക്ക് സംഘടിപ്പിക്കുന്നു.

8. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഒക്ടോബർ 17,18 തീയതികളിൽ നാളികേരത്തിൽ നിന്നുള്ള മൂല്യവർധന ഉത്പന്ന നിർമ്മാണത്തെക്കുറിച്ചുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 1000 രൂപയാണ് ഫീസ്. താല്പര്യമുള്ളവർ മുൻകൂട്ടി 0479-2959268, 2449268 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചു രജിസ്റ്റർ ചെയ്യുക.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പരിശീലനം 2023 ഒക്ടോബർ 16, 17 തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിത കമിഴ്ത്തിവെട്ട്, ഇടവേളകൂടിയ ടാപ്പിങ്, ഉത്തേജകൗഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ **training@rubberboard.org.in** എന്ന ഇ മെയിലിലോ ബന്ധപ്പെടേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം